സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പും വൈദ്യുതി വകുപ്പും റവന്യൂ വകുപ്പും രജിസ്ട്രേഷൻ വകുപ്പും വനം വകുപ്പും ആഭ്യന്തര വകുപ്പും സ്വീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ചീഫ് സെക്രട്ടറി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടിയിലെ എല്ലാ ഭൂമിയുടെയും സർവ്വേ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ചീഫ് സെക്രട്ടറി റിപ്പോർട്ടിന്റെ Findings അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇത്തരത്തിൽ ഇവിടെ ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ ഭൂമി തിരികെ നൽകുന്നതിന് വേണ്ടി സമയബന്ധിതമായി സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിന് സമയം വേണ്ടി വരുമെന്നതിനാൽ അത് പൂർത്തിയാകുന്നതുവരെ കൈവശാവകാശരേഖ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾ

89(2341) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള ഏതൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി മുഖേന വൈദ്യുതീകരിച്ച കോളനികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻഡ് ഫണ്ട്, വിദ്യുച്ഛക്തി ബോർഡിന്റെ കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) 1. സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻഡ് ഫണ്ടിൽനിന്നും 163.368 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 40.113 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. വിദ്യുച്ഛക്തി ബോർഡിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും 265.284 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 405.376 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻഡ് ഫണ്ടുപയോഗിച്ച് വൈദ്യുതീകരിച്ച ആദിവാസി കോളനികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly